# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

സൗരോർജ്ജ വൈദ്യുത നിലയം - റൂസ പദ്ധതി - സർവകലാശാല ക്യാമ്പസിൽ 400 കി.വാട്ട് ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് ലഭിച്ചിരിക്കുന്ന ടെൻഡറുകൾ പരിശോധിക്കുന്നതിന് സമിതിയെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 5803/പി & ഡി-3/2/2017/ ഭരണവിഭാഗം തീയതി. പി.ഡി.ഹിൽസ് – 28.09.2017

പരാമർശം: 1) യു.ഒ.നം. 200/പി & ഡി-3/2/2016/ഭരണവിഭാഗം തീയതി. 09.01.2017.
2) കത്ത് നം. ഇ.യു.ഇലക്ട്രിക്കൽ - 11/15/2017 തീയതി 31.01.2017.
3) യു.ഒ.നം. 899/പി & ഡി-3/2/2017/ഭരണവിഭാഗം തീയതി. 14.02.2017.
4) 18.05.2017-ന് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ മിനിറ്റ്സ്.
5) 26.05.2017-ൽ നടന്ന സിൻഡിക്കേറ്റ് ഉപസമിതി (ആസൂത്രണവും വികസനവും)യുടെ മിനിറ്റ്സ് (ഫയൽ നം. 171672)
6) യു.ഒ.നം. 3392/പി & ഡി-3/2/2017/ഭരണവിഭാഗം തീയതി. 05.06.2017.
7) യു.ഒ.നം. 5289/പി & ഡി-3/2/2017/ഭരണവിഭാഗം തീയതി. 29.08.2017.
8) യു.ഒ.നം. 5186/പി & ഡി-3/2/2017/ഭരണവിഭാഗം തീയതി. 24.08.2017.
9) 16.09.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. ഒ.എ. 14/17.12/171826

## ഉത്തരവ്

പരാമർശം (1) പ്രകാരം സർവകലാശാല ക്യാമ്പസിൽ 400 കെ.വി ശേഷിയുള്ള റൂഫ് ടോപ്പ് സൗരോർജ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന്, റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി അടങ്കൽ തുക ₹ 3,34,45,600/- (മൂന്ന് കോടി മുപ്പത്തിനാലു ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അറുനൂറു രൂപ മാത്രം) രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവാകുകയും പ്രസ്തുത പദ്ധതിയുടെ പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥാപനത്തിനെ ഇ-ദർഘാസ് വഴി കണ്ടെത്തുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു.

പരാമർശം (2) പ്രകാരം പ്രസ്തുത പദ്ധതി നടത്തിപ്പിന് പ്രാവീണ്യമുള്ള ഏജൻസിയെ പദ്ധതിയുടെ കൺസൽട്ടന്റായി ആവശ്യമുണ്ടെന്നും ഇ-ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനു മുമ്പായി കേരള സർക്കാർ ഏജൻസിയായ 'അനർട്ടിനെ' പദ്ധതിയുടെ കൺസൽട്ടന്റായി നിയമിക്കുന്നത് ഉചിതമായിരിക്കുമെന്നും സർവകലാശാല എഞ്ചിനീയർ (ചുമതല വഹിച്ചിരുന്ന) ആവശ്യപ്പെടുകയും പദ്ധതിയുടെ കൺസൽട്ടന്റായി ഗവ.ഏജൻസിയായ അനർട്ടിനെ പരാമർശം (3) പ്രകാരം നിയമിച്ചുത്തരവാകുകയും ചെയ്തിരുന്നു.

18.05.2017-ന് കൂടിയ റൂസ അവലോകന സമിതി യോഗത്തിൽ പ്രസ്തുത പദ്ധതിയുടെ കൺസൽട്ടന്റായി നിയമിച്ച അനർട്ട് പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും ഇതുവരേയും സമർപ്പിച്ചിട്ടില്ല എന്ന് സർവകലാശാല എഞ്ചിനീയർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ 'റൂസ' നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിയിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ വരും എന്ന് യോഗം വിലയിരുത്തുകയും പ്രസ്തുത പദ്ധതിയ്ക്കായി 'കെൽട്രോൺ' സമർപ്പിച്ചിട്ടുള്ള 'പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ സിൻഡിക്കേറ്റിലേക്ക് പുന: സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

(മറുപുറം....)

റൂസ അവലോകന സമിതിയുടെ മേൽ തീരുമാനം ബഹു: വൈസ് ചാൻസലർ ഫയൽ ഉത്തരവിലൂടെ അംഗീകരിച്ചിരുന്നു.

ഈ സാഹചര്യത്തിൽ റൂസ ധനസഹായത്തോടെ സർവകലാശാലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരോർജ്ജ വൈദ്യുത നിലയ പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനുവേണ്ടി, പ്രസ്തുത പദ്ധതിയ്ക്കായി 'കെൽട്രോൺ' സമർപ്പിച്ചിട്ടുള്ള പദ്ധതി പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായി, ബന്ധപ്പെട്ട ഫയൽ (പി & ഡി-3/2/9339/2015/ഭരണവിഭാഗം) സഹിതം 23.05.2017-ലെ ആസൂത്രണവും വികസനവും, ഫിനാൻസ്, ജീവനക്കാര്യം എന്നീ സിൻഡിക്കേറ്റ് ഉപസമിതികളുടെ സംയുക്ത യോഗത്തിൽ സമർപ്പിച്ചിരുന്നെങ്കിലും ബന്ധപ്പെട്ട ഫയൽ 26.05.2017-ന് കൂടുന്ന സിൻഡിക്കേറ്റിന്റെ ആസൂത്രണവും വികസനവും ഉപസമിതി യോഗത്തിൽ സമർപ്പിക്കാൻ തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ വൈസ് ചാൻസലറുടെ 23.05.2017-ലെ ഉത്തരവിൻ പ്രകാരം ബന്ധപ്പെട്ട ഫയൽ (പി & ഡി-3/2/9339/2015/ഭരണവിഭാഗം) കുറിപ്പ് സഹിതം സിൻഡിക്കേറ്റിലേക്ക് സമർപ്പിച്ചിരുന്നു.

തുടർന്ന് 26.05.2017-ൽ നടന്ന സിൻഡിക്കേറ്റ് ഉപസമിതിയുടെ (ആസൂത്രണവും വികസനവും) യോഗത്തിൽ റൂസ ധനസഹായത്തോടെ സർവകലാശാലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരോർജ വൈദ്യുത നിലയ പദ്ധതിയുടെ നടത്തിപ്പിലേക്കായി കൺസൾട്ടന്റായി അംഗീകരിച്ച അനർട്ട് നാളിതുവരെ പദ്ധതി നടത്തിപ്പിനാവശ്യമായ രൂപരേഖയോ എസ്റ്റിമേറ്റോ തയ്യാറാക്കി നൽകാത്ത സാഹചര്യത്തിൽ റൂസ നിഷ്കർഷിച്ചിരിക്കുന്ന കാലയളവിൽ പദ്ധതി നിർവ്വഹണം സാധ്യമല്ല എന്നത് വിലയിരുത്തി കെൽട്രോൺ സമർപ്പിച്ച പദ്ധതി നടത്തിപ്പിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനായി അനുവാദം നൽകുവാൻ പരാമർശം (5) പ്രകാരം ശുപർശ ചെയ്തിരുന്നു.

പരാമർശം (6) പ്രകാരം മേൽ ശുപാർശ ബഹു: വൈസ് ചാൻസലർ സർവകലാശാല ആക്ട് 1985-ലെ 3.10(17) വകുപ്പ് പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (7) പ്രകാരം 17.07.2017 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 29/17.08/171826 പ്രകാരം "1985-ലെ മഹാത്മാഗാന്ധി സർവകലാശാല ആക്ടിലെ അദ്ധ്യായം 3.10(17) വകുപ്പു പ്രകാരം വൈസ് ചാൻസലർ കൈകൊണ്ട മേൽ നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു.

പരാമർശം (9) പ്രകാരം 16.09.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. ഒ.എ. 14/17.12/171826 പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ലഭിച്ചിരിക്കുന്ന ടെൻഡറുകൾ പരിശോധിക്കുന്നതിനായി ഫിനാൻസ് ഓഫീസർ, സർവകലാശാല എഞ്ചിനീയർ, ജോയിന്റ് രജിസ്ട്രാർ-1 (ഭരണ വിഭാഗം), അനർട്ട് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന വ്യക്തി എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
തുളസീലാൽ ആർ.എൻ
ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
4. സർവകലാശാല എഞ്ചിനീയർ
5. ഫിനാൻസ് I,IV/ഓഡിറ്റ് I/ അക്കൗണ്ട്സ് V
6. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി.
8. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
9. സി.എം.സ്
10. എസ്.എഫ്/എഫ്.സി

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ

**ഫയൽ നം: പി & ഡി- 3/2/9339/2015/ഭരണവിഭാഗം**